**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2721** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണസംഘങ്ങളുടെയും ബാങ്കുകളുടെയും പലിശ രഹിത വായ്പ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്കായി സഹകരണസംഘങ്ങളും ബാങ്കുകളും പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനുദ്ദേശിക്കുവെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ/ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 2011-2012 സാമ്പത്തികവർഷം മുതൽ കേരള സംസ്ഥാന സർക്കാർ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക, കാലാവധിയ്ക്കുള്ളിൽ, അതായത് കുടിശ്ശിക ഇല്ലാതെ തവണ തീയതിയിലോ അതിന് മുമ്പോ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്നും ലഭിക്കുന്ന 3% പലിശ സബ്സിഡി (Interest Subvention) (യഥാസമയം തിരികെ അടയ്ക്കുന്ന വായ്പകൾക്ക് നബാർഡിൽ നിന്നും അനുവദനീയമായ 1% പലിശ സബ്സിഡി ഉൾപ്പെടെ) കഴിച്ച് പരമാവധി 5% പലിശ (വായ്പയുടെ പലിശയ്ക്കനുസൃതമായി) ടി വായ്പകൾക്ക് പലിശ അനുവദിക്കുന്നതാണ്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി 4% പലിശ സബ്സിഡി മാത്രമേ അനുവദിക്കുകയുള്ളൂ - എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വായ്പകൾ കൃത്യമായി തിരച്ചടയ്ക്കുന്ന വായ്പക്കാർക്ക് മാത്രം ആനുകൂല്യം ലഭിക്കുന്ന പദ്ധതിയാണിത്. വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യം കൈവരിക്കുക എന്നതാണ് ഉത്തേജന പലിശയിളവ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.<br><br>കൂടാതെ നെൽകർഷകർ നെൽകൃഷിക്കായി സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ സബ്സിഡി അനുവദിയ്ക്കുന്നതിനായി സഹകരണ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | സംസ്ഥാന പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ നിന്നും വിനിയോഗിക്കുന്നതിന് 28.03.2011 ലെ സ.ഉ (കൈ) 66/2011/സഹ നം. ഉത്തരവ് പ്രകാരം ചട്ടങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക വർഷം നൽകിയിട്ടുള്ള നെൽകൃഷി വായ്പയുടെ പലിശ സബ്സിഡി ഇനത്തിലെ സംഘത്തിന്റെ ക്ലെയിം തുക പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന സംസ്ഥാന പദ്ധതിയിൽ നിന്നും അനുവദിച്ച് നൽകുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നല്കിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളു .<br><br>ഉത്തേജന പലിശയിളവ് പദ്ധതി 2013-14 വർഷം മുതൽ 2023-2024 വർഷം വരെ ജില്ലകൾക്ക് 38,98,38,963/- (മുപ്പത്തി എട്ട് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി മുപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന് രൂപ) അനുവദിച്ചിട്ടുണ്ട്.<br><br>നെൽകൃഷിക്കുള്ള വായ്പയുടെ പലിശ സബ്സിഡി ഇനത്തിലെ സംഘത്തിന്റെ ക്ലെയിം തുക പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 94.46 ലക്ഷം രൂപ 8 സഹകരണ സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം തലത്തിലുള്ള സഹകരണസംഘങ്ങളും ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ/ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയ്ക്ക് ആണ് ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ